# കേരള കാർഷികസർവ്വകലാശാല

## കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ

തീയതി. 12/04/2022

CRM(Estt.)1052/2020

**<u>പുനർ കൊട്ടേഷൻ/ലേല പരസ്യം</u>**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറയിലെ കശുമാവ് മരങ്ങൾ (72 എണ്ണം) 19/04/2022 ന് രാവിലെ 11.30 മണിക്ക് കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറയിൽ വച്ച് പരസ്യമായി പുനർ ലേലം ചെയ്തും /കൊട്ടേഷൻ സ്വീകരിച്ചും വിൽക്കുന്നതാണ്.

<u>വ്യവസ്ഥകൾ</u>

1. കൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. കൊണ്ടുവരാത്തപക്ഷം ലേലം / കൊട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

2. കൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നതിന് ലേല ദിവസം (19/04/2022 ന്) നിരതദ്രവ്യം 300/-(മുന്നൂറ് രൂപ മാത്രം) പണമായി ഈ ഓഫീസിൽ രാവിലെ 11 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ കൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു.

3. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിന് മുമ്പായി കൊട്ടേഷൻ ഓഫീസിലെത്തിക്കുകയോ പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്.

4. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ കൊട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും. പൂരിപ്പിച്ച കൊട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 19/04/2022 രാവിലെ 10.30 മണി വരെയാണ്.

5. കൊട്ടേഷനുകൾ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്. കൊട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് **'72 കശുമാവ് മരങ്ങൾക്കുള്ള കൊട്ടേഷൻ'** എന്ന് എഴുതിയിരിക്കണം. 72 മരങ്ങളുടേയും ആകെ തുകയാണ് കൊട്ടേഷനിൽ കാണിക്കേണ്ടത്.

6. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്കു വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനു ശേഷം തുറക്കുന്ന കൊട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ കൊട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ കൊട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം (27/04/2022, 12.00 മണിക്ക് മുമ്പായി) അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

7. ലേലം/ കൊട്ടേഷൻ ലഭിക്കുന്ന വ്യക്തി 7 ദിവസത്തിനകം (27/04/2022, 12.00 മണിക്ക് മുമ്പായി) സെക്യൂരിറ്റി നിപക്ഷേപമായി 3000/- രൂപ ഓഫീസിൽ അടച്ച് രശീത് കൈപ്പറ്റേണ്ടതാണ്.

8. ലേല സംഖ്യക്കു പുറമേ ലേലസംഖ്യയുടെ 5% വനവികസന നികുതിയും (എഫ് ഡി ടി), ലേലം തുകയുടെ 18 ശതമാനം ജി.എസ്.റ്റി യും കൊട്ടേഷൻ പിടിച്ച ആൾ 26/04/2022 ന് 12 മണിക്ക് മുൻപ് അടയ്ക്കേണ്ടതാണ്.

9. നിശ്ചിത സമയത്തിനകം തുക (നികുതി ഉൾപ്പെടെ) പൂർണ്ണമായി അടക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം ലേലം അസാധുവാക്കുന്നതിനും അടച്ച തുക സർവ്വകലാശാലക്ക് കണ്ടുകെട്ടുന്നതിനും പുനർലേലം നടത്തുന്നതിനുമുള്ള അധികാരവും ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

10. നികുതി ഉൾപ്പെടെയുള്ള മുഴുവൻ ലേലത്തുകയും കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറയിൽ അടച്ചതിന് ശേഷം മാത്രമേ മരങ്ങൾ മുറിച്ചു മാറ്റാൻ അനുവദിക്കുകയുള്ളു. കൊട്ടേഷൻ

ലഭിച്ചാൽ 21 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും തടികൾ കൊണ്ടു പോകേണ്ടതാണ്.

11. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ മാത്രമേ തടികൾ കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ. തടികൾ ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം കൊണ്ടുപോകേണ്ടത്.

12. തടികൾ കൊണ്ടുപോകേണ്ടത് ഗവേഷണകേന്ദ്രത്തിലെ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കണം. തടികൾ കൊണ്ടു പോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരുവിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല.

13. ഏതെങ്കിലും വിധത്തിൽ യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ലേലം/കൊട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആളിന്റേതായിരിക്കുകയും, ഈ സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കുവാൻ' ലേലം/ക്വൊട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

14. യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കാതെ തടികൾ പൂർണ്ണമായി നീക്കം ചെയ്തതിനു ശേഷം നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും തിരികെ നൽകുന്നതാണ്. ഇതിന് വേണ്ടി രശീതിയോടൊപ്പം അപേക്ഷ സമർപ്പിക്കണം.

15. ലേലം/ ക്വൊട്ടേഷൻ സംബന്ധിച്ചിടത്തോളം, ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈകൊള്ളുന്നതിനുള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസർ ഹെഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറയിൽ നിക്ഷിപ്തമാണ്.

16. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വൊട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വൊട്ടേഷൻ അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതാണ്.

17. ലേലം മാറ്റി വയ്ക്കുന്നതിനോ ഉറപ്പിക്കുന്നതിനോ / റദ്ദാക്കുന്നതിനോ ഉള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറയിൽ നിക്ഷിപ്തമായിരിക്കും.

18. ലേലം/ക്വൊട്ടേഷനിൽ വച്ചിട്ടുള്ള മരങ്ങൾ പരിശോധിക്കുവാൻ കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറയിലെ ഫാം ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

19. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ : 0487 2980339

CASHEW RESEARCH STATION
MADAKKATHARA
PIN-680 651
KERALA AGRICULTURAL UNIVERSITY

അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് ഇൻ-ചാർജ്

Assistant Professor & Head I/c
Cashew Research Station
Kerala Agricultural University
Madakkathara P. O., Thrissur-680 651

പകർപ്പ്-

1. കെ എ യു വെബ്സൈറ്റ്
2. ഗ്രാമപഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
3. കൃഷിഭവൻ, ഒല്ലൂക്കര
4. വില്ലേജ് ഓഫീസ്, വെള്ളാനിക്കര & മാടക്കത്തറ
5. നോട്ടീസ് ബോർഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ
6. ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര, നോട്ടീസ് ബോർഡ്
7. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി, നോട്ടീസ് ബോർഡ്
8. പി പി എൻ എം യു, നോട്ടീസ് ബോർഡ്
9. ബി ആർ എസ്, കണ്ണാറ, നോട്ടീസ് ബോർഡ്
10. ഫാം ഓഫീസ്, സി ആർ എസ്, മാടക്കത്തറ